63 (1911) നാദാപുരം വൈദ്യുതി സബ്സ്റ്റേഷൻ

ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം വൈദ്യുതി സബ്സ്റ്റേഷന് ആവശ്യമായ സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) അക്വിസിഷൻ നടപടികൾ എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ;

(സി) സബ്സ്റ്റേഷൻ എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നാദാപുരം 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനാവശ്യമായ 1.3863 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള എഗ്രിമെന്റ് കോഴിക്കോട് ജില്ലാ കളക്ടർ ഒപ്പുവച്ചുകഴിഞ്ഞു. അക്വിസിഷൻ കഴിവതും വേഗം പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അക്വിസിഷൻ നടപടികൾ 2000-ാമാണ്ട് ഫെബ്രുവരി മാസത്തോടെ പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സ്ഥലം ലഭ്യമായതിനുശേഷം ഒരുവർഷത്തിനുള്ളിൽ പ്രവർത്തനമാരംഭിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

64 (1912) എടത്വയിൽ സബ്സ്റ്റേഷൻ ആരംഭിക്കാൻ നടപടി

ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടത്വയിൽ 110 കെ.വി. സബ്സ്റ്റേഷൻ അനുവദിച്ചത് എന്നാണ്;

(ബി) പ്രസ്തുത സ്റ്റേഷന്റെ നിർമ്മാണജോലികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) സബ്സ്റ്റേഷന് ആവശ്യമായ സ്ഥലം ലഭിച്ചിട്ടുണ്ടോ;

(ഡി) സ്ഥലമെടുപ്പിന് ഗവൺമെന്റ് സ്റ്റേ നൽകിയിരുന്നോ; ഇപ്പോൾ സ്ഥലമെടുപ്പിന് എന്തെങ്കിലും തടസ്സം ഉണ്ടോ;

(ഇ) എങ്കിൽ തടസ്സം നീക്കുന്നതിന് ബോർഡും ഗവൺമെന്റും എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(എഫ്) ഇക്കാര്യത്തിൽ കോടതി സ്റ്റേ ഉണ്ടോ; എങ്കിൽ എന്നാണ് ഉത്തരവായത്;

(ജി) സ്റ്റേ ഒഴിവാക്കുന്നതിന് ബോർഡ് കോടതിയെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ എന്ന്;

(എച്ച്) ഈ സബ് സ്റ്റേഷൻ നിലവിൽ വരാത്തതുമൂലം കുട്ടനാട്ടിലെ ജനങ്ങൾക്കും ഈ മേഖലയിലെ നെൽക്കൃഷിക്കും ഉണ്ടായിട്ടുള്ള ദോഷം പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly